നൽകിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി നടന്നില്ല. കപ്പിത്തോട് നവീകരണത്തിനായി 2013-ൽ അന്നത്തെ ബഹുമാനപ്പെട്ട അമ്പലപ്പുഴ എം.എൽ.എ. ശ്രീ. ജി. സുധാകരന്റെ എം.എൽ.എ. ഫണ്ടിൽനിന്നുള്ള തുക കൂടി വിനിയോഗിച്ച് 10.60 കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതി ആവിഷ്കരിച്ചെങ്കിലും എസ്റ്റിമേറ്റ് തുകയിൽ വീണ്ടും വർദ്ധനവ് വന്നതിനാലും ഒരു വർഷം കഴിഞ്ഞും പദ്ധതി പ്രവർത്തനം ആരംഭിക്കാൻ സാധിക്കാതിരുന്നതിനാലും വകയിരുത്തിയ തുകയുടെ മറ്റുവിനിയോഗം കണക്കിലെടുത്ത് 2014-ൽ പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ജലവിഭവ വകുപ്പ് റദ്ദ് ചെയ്തു.

സഹകരണ ബാങ്ക് വായ്പ

89 (434) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സഹകരണ ബാങ്കിൽനിന്നും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

സംസ്ഥാന സഹകരണ ബാങ്കിൽനിന്നും സർക്കാർ വായ്പ എടുത്തിട്ടില്ല.

ഭവനശ്രീ പദ്ധതി വായ്പ

90 (435) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഭവനശ്രീ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സഹകരണ ബാങ്കുകൾ എത്ര തുക വായ്പയായി നൽകിയിട്ടുണ്ട് ;

(ബി) സംസ്ഥാന സർക്കാർ ഭവനശ്രീ വായ്പ എഴുതിതള്ളിയശേഷം ഈ ബാങ്കുകൾക്ക് എത്ര തുക ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട് ;

(സി) ഈ വായ്പകളിൽ പലിശ ഉൾപ്പെടെ എത്ര തുക ഇനിയും ലഭിക്കാനുണ്ട് ;

(ഡി) വായ്പാ തുകയും പലിശയും ലഭ്യമാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിൽനിന്ന് എന്തെങ്കിലും അറിയിപ്പ് സഹകരണ ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly